ആഫീസുകളിൽ ജോലിചെയ്യുവരുന്ന ടീച്ചേഴ്സ് ട്രെയിനിംഗ്
(ബി. റ്റി. കഴിഞ്ഞവർ)

*൨൩൮൬ (൧൯൫൰) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) ഐക്യസംസ്ഥാനമായ തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറിൻ കീഴിൽ ടീച്ചേഴ്സ് ട്രെയിനിംഗ് (ബി. റ്റി.) കഴിഞ്ഞ എത്രപേർ അദ്ധ്യാപകവൃത്തിയിൽ ചേരാതെ ഡിപ്പാർട്ടുമെൻറ് ആഫീസുകളിൽ ജോലിചെയ്യുവരുന്നുണ്ട്;

(ബി) തൃശ്ശിവപേരൂർ ഡിസ്ട്രിക്ട് പഞ്ചായത്തു ഡയറക്ടറാഫീസ് മാനേജരായിരുന്ന ഇപ്പോൾ അക്കൗണ്ടൻറായി റിവേർട്ടുചെയ്ത ശ്രീ പാത്തുഅവർകൾ ബി. റ്റി. പാസായ ആളാണോ;

(സി) അദ്ദേഹം സർക്കാർ ചിലവിന്മേൽ ട്രെയിനിംഗ് കഴിഞ്ഞ ആളാണോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൟ.

(ബി) അതേ. ഇപ്പോൾ അക്കൗണ്ടൻറാണ്.

(സി) അതേ.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: അദ്ദേഹത്തെ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിലേക്ക് എടുക്കുവാൻ ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉടനെതന്നെ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിലേക്ക് എടുക്കേണമെന്നാണ് ഗവണ്മെൻറ് നിശ്ചയിച്ചിട്ടുള്ളത്.

ശ്രീ. കെ. എ. മാത്യു: ചില പ്രത്യേക പരിശീലനം സിദ്ധിച്ചിട്ടുള്ളവരെ മറ്റു ഡിപ്പാർട്ടുമെൻറുകളിലേക്ക് പോകണമെന്നു പറയുമ്പോൾ അതിനു അവരെ നിരുത്സാഹപ്പെടുത്തേണ്ടതല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: നിരുത്സാഹപ്പെടുത്തണമെന്നതന്നെയാണ് ഗവണ്മെൻറിൻെറ നയം.

ഉപ്പിൻെറ വില

*൨൩൮൭ (൨൦) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ്വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചിറ്റൂർ താലൂക്കിൽ ഒരു ഇടങ്ങഴി ഉപ്പിനു എത്ര വിലയാണ് കൊടുക്കുന്നത്;

(ബി) തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിൽ മറ്റു താലൂക്കുകളിൽ ഒരുടങ്ങഴി ഉപ്പിനു എത്രവിലയുണ്ട്;

(സി) വില വ്യത്യാസമുണ്ടെങ്കിൽ അതിനു കാരണമെന്ത്;

(ഡി) മലബാറിൽനിന്നു ഉപ്പ് ചിറ്റൂരിലേക്കു കടത്തിക്കൊണ്ടു വരുവാൻ അനുവാദം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനു കാരണമെന്താണ്?

വ്യവസായവും, എക്സൈസും, സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞിരാമൻ):

(എ) ചിറ്റൂർ താലൂക്കിൽ ഒരിടങ്ങഴി ഉപ്പിനു ഒരണമുതൽ ഒരണ മൂന്നു പൈ വരെ വിലയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉദ്ധിവപേത്രർ ഡിസ്ട്രിക്ടിൽ ഉള്ള മറ്റ താലൂക്കുകളിൽ ഒരണ മുതൽ ഒരണ ഒൻപതുപൈ വരെ വിലയുണ്ടായിരിക്കും.

(സി) മാലിപ്പുറം ഉപ്പിന്റെ വില ക്വിന്റലിന് പെട്ടെന്നിയിട്ടുണ്ട്. ഇതിനുമുമ്പ് നാല് റിബേറ്റ് കൊടുത്തിട്ടുണ്ട്.

ചിറ്റൂർ താലൂക്കിലുള്ള കച്ചവടക്കാർക്കുള്ള സൗകര്യം മറ്റ് കച്ചവടക്കാർക്ക് ലഭിച്ചിട്ടില്ല.

(ഡി) ഇല്ല.

ശ്രീ. സുരേന്ദ്രൻ

*൨൪൦ (൨൧) ശ്രീ. കണ്ണാറ ഗോപാലകൃഷ്ണനിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) കൊട്ടാരക്കര പോലീസ് ലാക്കപ്പിൽ കിടന്ന ഒരാൾ ശ്രീ. സുരേന്ദ്രൻ മരിച്ചതിനെ സംബന്ധിച്ച് ഒരു പരസ്യാന്വേഷണം നടത്തണമെന്ന നിവേദനവും പൊതുജനാഭിപ്രായവും ഉണ്ടായതായി ഗവൺമെന്റിനറിയാമോ;

(ബി) ആ അഭിപ്രായത്തേയും നിവേദനത്തേയും അടിസ്ഥാനമാക്കി ഒരു പരസ്യാന്വേഷണത്തിന് ഗവൺമെന്റുത്തരവു ചെയ്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉവ്വ്.

(ബി) രഹസ്യാന്വേഷണങ്ങൾ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. ഒരു പരസ്യാന്വേഷണം നടത്തുന്നതിന് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: രഹസ്യാന്വേഷണം നടത്തിയതു് ആരാണ്.

ശ്രീ. ടി. കെ. നാരായണപിള്ള: ഡിസ്ട്രിക്ട് മജിസ്ട്രേട്ടാണ്.

ശ്രീ കെ. പി. നീലകണ്ഠപ്പിള്ള: ചീഫ് മിനിസ്റ്റർ അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല. പരാതികൾ കിട്ടിയിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലകൃഷ്ണനിക്കർ: ഈ സംഭവത്തിനു് പോലീസുകാർ കുറ്റക്കാരാണെന്നു തോന്നുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ തോന്നിയിരുന്നെങ്കിൽ പരസ്യാന്വേഷണത്തിന്റെ ആവശ്യമുണ്ടാകുമായിരുന്നില്ല.

Sri. R. K. Ram: May I know from the Chief Minister reasons for arrest and subsequent death of Surendran?

Sri. T. K. Narayana Pillai: I claim notice.

ശ്രീ. എ. താണുപിള്ള: ഈ പരസ്യാന്വേഷണത്തിനിടയാക്കിയ രഹസ്യാന്വേഷണത്തിലെ ഫൈൻഡിംഗ്സ് എന്താണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് കാൺഫിഡൻഷ്യൽ എൻകയറിയാണ്. അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: ഈ പരസ്യാന്വേഷണത്തിനു ഓർഡർ ചെയ്യുന്നതിനു് അടിസ്ഥാനമായിട്ടുള്ള വസ്തുത എന്താണെന്നാണ് ഞാൻ ചോദിക്കുന്നതു്.

Mr. Speaker: The Minister has replied that the information being of a confidential nature cannot be divulged.

ശ്രീ. എ. താണുപിള്ള: എന്തു വസ്തുതയെ അടിസ്ഥാനമാക്കിയാണ് പരസ്യാന്വേഷണത്തിനു് ഉത്തരവു കൊടുത്തതു്?

LIBRARY ARCHIVES Kerala Legislative Assembly